**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1214** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷൻ മുഖേന വിദ്യാർത്ഥികളുടെ മത്സരപരിപാടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. കെ. സനോജ് ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ മത്സരപരിപാടികൾ സംഘടിപ്പിക്കാൻ തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷൻ നീക്കം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് വകുപ്പ് അനുമതി നൽകിയിരുന്നോ;വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ മത്സര പരിപാടികൾ സംഘടിപ്പിക്കുന്നതിനു അനുമതി അഭ്യർത്ഥിച്ച് തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷൻ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കത്ത് നൽകിയിരുന്നു .എന്നാൽ ആയതിന് അനുമതി നൽകിയിട്ടില്ല.

**(ബി)** സ്കൂളുകളിലെ അക്കാദമിക് നിലവാരം തകർക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളാണ് ഇതിലൂടെ നടത്തുന്നതെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല

**(സി)** സ്കൂളുകളിൽ ഇത്തരത്തിലുള്ള മത്സരങ്ങൾ നടത്താൻ വിദ്യാഭ്യാസ വകുപ്പിന്റെ മുൻകൂർ അനുമതി നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** വിഷയത്തിന്റെ പ്രസക്തി പരിശോധിച്ച് മുൻകൂർ അനുമതി നൽകാറുണ്ട്.

**സെക്ഷൻ ഓഫീസർ**